# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 901

11/03/2015 - ൽ മറുപടിക്ക്

### മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കുടിവെള്ളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കനോലി കനാലിലെ വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് തകർന്നതുമൂലം ആയിരക്കണക്കിന് കുടുംബങ്ങളുടെ ശുദ്ധ ജലലഭ്യത ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സി.എസ്.ഐ.എൻ.ഡി യുടെ കീഴിൽ വരുന്ന പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് അടുത്ത ആർ.ഐ.ഡി.എഫ് ഫണ്ടിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഈ പ്രവൃത്തിക്ക് 2100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ് 20-ൽ ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും NABARD ന്റെ അംഗീകാരം ലഭ്യമായില്ല. |
| (സി) മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) തൃശ്ശൂർ ജില്ലയിൽ കനോലി കനാൽ പരിസരത്ത് വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നിലവിലുള്ള പ്രദേശങ്ങളിലെല്ലാം, ഈ പദ്ധതികളിൽ നിന്നും ജലവിതരണം നടത്തിവരുന്നുണ്ട്. ഈ പരിസരത്ത് നടത്തിവരുന്ന പുതിയ പദ്ധതികളെല്ലാം അടിയന്തിരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മലപ്പുറം ജില്ലയിലെ കനോലി കനാൽ ഉൾപ്പെടുന്ന പൊന്നാനി മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുതകുന്ന 62.14 കോടി രൂപയുടെ ഒരു |

സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് **KSUDP** ൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ